പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3779 20/07/2015 - ൽ മറുപടിയ്ക്ക്

**ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. കെ.എം. ഷാജി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഈ വർഷം ഗവൺമെൻറ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം മുൻ വർഷത്തേതുമായി താരതമ്യം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്നും അതിനുള്ള കാരണവും പരിശോധിച്ചിട്ടുണ്ടോ ; | (എ) ഈ വർഷം ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്തിട്ടുണ്ട്. 2014-2015 വർഷത്തെ അപേക്ഷിച്ച് 2015-2016 വർഷത്തിൽ 702 കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറവുള്ള സ്കൂളുകളെ തെരഞ്ഞെടുത്ത് എസ്.എസ്.എ യുടെ നേതൃത്വത്തിൽ ഫോക്കസ് പദ്ധതിയും, കുട്ടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പല പദ്ധതികളും നടപ്പിലാക്കിയിരുന്നു. ഈ കാരണങ്ങൾ കുട്ടികളുടെ എണ്ണം വർദ്ധിക്കാനിടയാക്കി. |
| (ബി) ഉയർന്ന ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ സംസ്ഥാന സിലബസ്സിന് അതിലുള്ള പങ്ക് എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ബി) ഉയർന്ന ക്ലാസ്സുകളിൽ (സ്റ്റാൻഡേർഡ് 5 മുതൽ 9 വരെ) വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറയാൻ ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |

Sreedevi

സെക്ഷൻ ഓഫീസർ